ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി വനാവകാശ നിയമപ്രകാരം 15,705 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് (അനുബന്ധം - II)*. റവന്യൂ വകുപ്പ് 5000 ആദിവാസി കുടുംബങ്ങൾക്ക് പട്ടയവും കൈവശാവകാശരേഖയും നൽകിയിട്ടുള്ളതാണ്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 2173 ആദിവാസി കുടുംബങ്ങൾക്ക് 2151.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) മുൻസർക്കാരിന്റെ കാലത്ത് 4144 ആദിവാസി കുടുംബങ്ങൾക്ക് 6331.84 ഏക്കർ ഭൂമി വിതരണം ചെയ്തിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

(സി) വയനാട് ജില്ലയിൽ ഭൂരഹിതരായ 7878 ആദിവാസി കുടുംബങ്ങളാണ് ഉള്ളത്. ഇവർക്ക് ഒരേക്കർ ഭൂമി വീതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 1000 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വനാവകാശ നിയമപ്രകാരം ജില്ലയിൽ 3842 പേർക്കുകൂടി ഭൂമി വിതരണം ചെയ്തു.

എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് വിതരണം ചെയ്ത ഭൂമിയും വീടും തട്ടിയെടുക്കുന്നതിനെതിരെ നടപടി

124 (1087) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് വീടുവച്ച് നൽകുന്ന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് എത്ര സെന്റ് വീതം ഭൂമി വിതരണം ചെയതുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഓരോ വർഷത്തെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ ;

(സി) ഇങ്ങിനെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നൽകിയ ഭൂമി വ്യാജരേഖകൾ ചമച്ച് തട്ടിയെടുക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി തട്ടിയെടുക്കുന്ന സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന 17292 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് ഭൂമി വീതവും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 1½ സെന്റ് ഭൂമി വീതവും വാങ്ങുന്നതിനാണ് അനുമതി നൽകിവരുന്നത്. ഏത്ര സെന്റ് സ്ഥലം വിതരണം നടത്തിയെന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർക്ക് വീടുവയ്ക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ വഴിയും ഭൂമി വിലയ്ക്കെടുത്ത് വിതരണം ചെയ്യുന്നു. ഇപ്രകാരം 2151 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 1000 ഏക്കർ ഭൂമി വാങ്ങുവാൻ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	ഗുണഭോക്താക്കളുടെ എണ്ണം
2006-07	1144
2007-08	2544
2008-09	907
2009-10	4055
2010-11	8642

(സി) ഉണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട ചിലരുടെ ഭൂമി തട്ടിയെടുത്തതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളിൽ Prevention of Atrocities Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാരിൽ നിന്നും പോലീസിന് നിർദ്ദേശം നൽകുകയും ആയതിൻപ്രകാരം P.O.A. Act പ്രകാരം കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശഭൂമി വ്യാജരേഖകൾ മുഖേന തട്ടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് അധികൃതരെക്കൊണ്ട് P.O.A. Act പ്രകാരം കേസ് എടുപ്പിച്ച് ഭൂമി തിരികെ ഒഴിപ്പിച്ച് അവർക്ക് തന്നെ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly